പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2161 26-10-2026-ൽ മറുപടിയ്ക്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ-എഞ്ചിനീയറിംഗ് ജീവനക്കാരുടെ കുറവ് പരിഹരിക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. മുഹമ്മദ് ഷിയാസ്	ശ്രീ. കെ. എം. ഷാജി (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരോഗ്യ വിഭാഗം, എഞ്ചിനീയറിംഗ് വിഭാഗം എന്നീ സുപ്രധാന മേഖലകളിലെ ജീവനക്കാരുടെ അപര്യാപ്തത ദൈനംദിന പ്രവർത്തനങ്ങളെയും വികസന പദ്ധതികളുടെ നിർവ്വഹണത്തെയും പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ പഞ്ചായത്തുകളിലെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിച്ച് കൂടുതൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

മറുപടി: ബാധകമല്ല.

(സി) എറണാകുളം ജില്ലയിലെ കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളിൽ ഓവർസിയർമാരുടെ കുറവ് മൂലം വികസന പ്രവൃത്തികൾ തടസ്സപ്പെടുന്നതും പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (എ.ഇ.ഇ.) തസ്തിക ഒഴിഞ്ഞു കിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടി സ്വീകരിക്കുമോ;

മറുപടി: ഓവർസീയർമാരുടെ കുറവ് മൂലം വികസന പ്രവൃത്തികൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, സ്ഥലം മാറ്റംമൂലം ചെല്ലാനം ഗ്രാമപഞ്ചായത്തിൽ സെക്കന്റ് ഗ്രേഡ് ഓവർസീയറുടെയും, തേർഡ് ഗ്രേഡ് ഓവർസീയറുടെയും ഓരോ ഒഴിവുകൾ വീതവും, LWA മൂലം കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ സെക്കന്റ് ഗ്രേഡ് ഓവർസീയറുടെ 1 ഒഴിവും നിലവിലുണ്ട്. പള്ളുരുത്തി ബ്ലോക്ക്പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക നിലവിലില്ല. വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പ്രസ്തുത ബ്ലോക്കിന്റെ അധിക ചുമതല നൽകുകയാണ് ചെയ്തുവരുന്നത്.

പി.എസ്.സി. യിൽ നിന്നും നിയമന ശിപാർശ ലഭിച്ചതനുസരിച്ച് ചെല്ലാനം ഗ്രാമപഞ്ചായത്തിലെ ഒഴിവുകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. യോഗ്യരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയോ/ സ്ഥലംമാറ്റം നൽകിയോ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ സെക്കന്റ്

ഗ്രേഡ് ഓവർസിയർ തസ്തികയിലെയും, വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെയും ഒഴിവുകൾ അടിയന്തരമായി നികത്തുന്നതാണ്.

(ഡി) തദ്ദേശ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ജനപ്രതിനിധികൾ (പഞ്ചായത്ത് അംഗങ്ങൾ ഉൾപ്പെടെയുള്ളവർ) ആവശ്യപ്പെടുമ്പോൾ നിലവിലുള്ള എഞ്ചിനീയർമാരും മറ്റ് ഉദ്യോഗസ്ഥരും അതിന് തയ്യാറാകാതെ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) എങ്കിൽ ഇത്തരം പ്രവണതകൾ അവസാനിപ്പിച്ച് ജനപ്രതിനിധികളുടെ ആവശ്യപ്രകാരം വികസന പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

മറുപടി: ബാധകമല്ല.

സെക്ഷൻ ഓഫീസർ